**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2581 **06.02.2018** -ലെ മറുപടിക്ക്

## <u>അംബേദ്ക്കർ ഗ്രാമപദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ആൻസലൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമപദ്ധതി പ്രകാരം അതിയന്നൂർ പഞ്ചായത്തിലെ ഭാസ്കർനഗർ, പൂഴിക്കുന്ന് എന്നീ സ്ഥലങ്ങളിൽ അനുവദിച്ച പദ്ധതിക്ക് നിർമ്മിതി കേന്ദ്രം നൽകിയ 1 കോടി രൂപയുടെ ഡി.പി.ആർ.ന് തിരുവനന്തപുരം ജില്ലാ പട്ടികജാതി ഓഫീസ് ഡെവലപ്മെന്റ് വിഭാഗം ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം നൽകാമോ; | (എ) | ഉണ്ട്.<br>ഭാസ്കർ നഗർ, പൂഴിക്കുന്ന് കോളനികളുടെ കർമ്മപരിപാടിക്ക് ഭരണാനുമതി ഉത്തരവ് നൽകിയത് 28.03.2017 നാണ്. ടി കോളനികളിൽ ഭാസ്കർ നഗർ കോളനിയുടെ ഡി.പി.ആർ ന് 18.01.2018 നും പൂഴിക്കുന്ന് കോളനിയുടെ എസ്റ്റിമേറ്റിന് 22.11.2017-നും അംഗീകാരം നൽകിയിട്ടുണ്ട്. ടി കോളനികളിലെ പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന്റെ കാലാവധി എത്ര മാസമാണെന്നും ഭരണാനുമതി നൽകുന്നതിൽ കാലതാമസം ഉണ്ടായതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ; | (ബി) | MOU ഒപ്പുവെച്ച് 6 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. ഭരണാനുമതി നൽകുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ല |

| | | | |
|---|---|---|---|
| (സി) | 2018-19 ൽ അംബേദ്ക്കർ ഗ്രാമ പദ്ധതി നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എത്ര കോടിയുടെ പദ്ധതി ആണ് ഒരോ നിയോജകമണ്ഡലത്തിലും അനുവദിക്കാൻ ഉദ്ദേശിക്കുന്നത്; | (സി) യും (ഡി) യും (ഇ) യും | ഇക്കാര്യത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ഡി) | പട്ടികജാതി കോളനികൾ നവീകരിക്കുന്നതിനായി മുൻപ് അനുവദിച്ചിരുന്ന കോർപ്പസ് ഫണ്ട് 2018-19 വർഷത്തിൽ അനുവദിക്കുമോ; | | |
| (ഇ) | എങ്കിൽ എത്ര ലക്ഷം രൂപ വീതം ഓരോ മണ്ഡലത്തിലും അനുവദിക്കുമെന്ന് വിശദീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 2016-17 വർഷം കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ ഭാഗമായി വരുന്ന തദ്ദേശ സ്ഥാപനങ്ങളിൽ കോർപ്പസ് ഫണ്ട് പദ്ധതി പ്രകാരം അനുമതി നൽകിയ പദ്ധതികൾ

| ക്രമ നം. | പദ്ധതിയുടെ പേര് | ഭരണാനുമതി തുക | പ്രവൃത്തികളുടെ നിലവിലെ അവസ്ഥ |
|---|---|---|---|
| 1. | മുള്ളിയിൽ പട്ടികജാതി കോളനി റോഡ് നിർമ്മാണവും സംരക്ഷണ ഭിത്തി നിർമ്മാണവും, ഉമ്മന്നൂർ പഞ്ചായത്ത് | 1050000 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 2. | ലക്ഷംവീട് കോളനിയിലേക്കും മലമുകൾ കോളനിയിലേക്കുമുള്ള കുടിവെള്ള പദ്ധതി, (നെടുവത്തൂർ പഞ്ചായത്ത്) | 2500000 | പ്രവൃത്തി മാർച്ച് 31 നകം എഗ്രിമെന്റ് വയ്ക്കാത്തതിനാൽ ടി പ്രവൃത്തിക്ക് 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവറിനത്തിൽ തുക അനുവദിച്ചിട്ടില്ല. |
| 3. | കൊട്ടാരക്കര നിയോജകമണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണം | 726744 | പൂർത്തീകരിച്ചു. |
| 4. | ഇരവിക്കോട് കോളനി പാണ്ടിത്തിട്ട റോഡ് നവീകരണം, മൈലം പഞ്ചായത്ത് | 2300000 | പ്രവൃത്തി പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ